LIBRARY ARCHIVES Kerala Legislative Assembly

പൊളിറ്റിക്കൽ ഫണ്ട്

* ൪ ൫ വ്യ. (ചോ ൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ പൊളിറ്റിക്കൽ ഫണ്ടിൽ ആകെ എത്ര രൂപാ ഉണ്ടായിരുന്നു.

(ബി) ഫൻ ൫ ൦ അവസാനംവരെ എത്ര സംഖ്യ അതിൽനിന്നും ചിലവായി;

(സി) എന്തെല്ലാം ഇനത്തിലാണ് അതു ചിലവാക്കിയതു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പൊളിറ്റിക്കൽ ഫണ്ട് എന്ന ഒന്നു രൂപീകരിച്ചിട്ടില്ല. എന്നാൽ പൊളിറ്റിക്കലായിട്ടുള്ള ചിലവുകൾക്കുവേണ്ടി ൧, ൦൫, ൧ ൦ ൦ രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്

(ബി) ഫൻ ൫ ൦ അവസാനംവരെ ൨ ൭,൫ ൧ ൭ രൂപാ നുഅണ. ൫ പൈസാ ചിലവായിട്ടുണ്ട്.

(സി) പൊതുതാല്പര്യങ്ങളെ പരിഗണിച്ചു ഈ ചിലവിന്റെ വിശദവിവരങ്ങൾ പുറത്തുപറയാൻ നിവർത്തിയില്ല.

ശ്രീ. ഇട്ടിര അയ്യക്കൻ: ഏതെങ്കിലും പൊളിറ്റിക്കൽ പാർട്ടിക്ക് എന്തെങ്കിലും വേദനം ഈ തുകയിൽനിന്നും മാസംതോറും കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ജഡ്ജിമാർ

* ൪ ൫൯. (ചോ ൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ ഹൈക്കോടതിയിൽ ആകെ എത്ര ജഡ്ജിമാരുണ്ട്; അവരുടെ പേരുകൾ എന്തു;

(ബി) പ്രസ്തുത കോടതിയുടെ ആരംഭത്തിൽ എത്ര ജഡ്ജിമാരുണ്ടായിരുന്നു;

(സി) കൂടുതൽ ജഡ്ജിമാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആരുടെ എങ്കിലും പേരുകൾ നിർദ്ദേശിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ൧൧. അവരുടെ പേരുകൾ താഴെ പറയുന്നു.—

സി. കുഞ്ഞുരാമൻ	കെ. എസ്സ്. ഗോവിന്ദപിള്ള
കെ. ടി. കോശി	കെ. ഏ. ദാമോദരമേനോൻ
കെ. ശങ്കരൻ	പി. കെ. സുബ്രഹ്മണ്യയ്യർ

(ബി) വ്യ.

(സി) ഉണ്ട്.

(ഡി) ഈ സംഗതി വെളിപ്പെടുത്തുന്നതു പൊതുതാല്പര്യങ്ങൾക്ക് വിരോധമായിരിക്കും.

ആശുപത്രിയിലെ ആണറ്റി സന്ദർശകന്മാർ

* ൪ ൧൦. (ചോ ൧൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ. —